**Rs. 25/-** Keraleeyam
2016 October/November Vol. 17 Issue 10/11

## കണ്ടത് പറഞ്ഞാൽ...

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# കേരള വൃക്ഷ രക്ഷാനിയമം


**വനേതര** വൃക്ഷങ്ങളുടെ സംരക്ഷണത്തിനായി കേരളത്തിൽ ഒരു നിയമം നിലനിൽക്കുന്നുണ്ട്. 1986ൽ കേരള സർക്കാർ രൂപം നൽകിയ, കേരള വൃക്ഷ രക്ഷാനിയമം എന്ന ഈ ആക്ട് പക്ഷെ അത്രയേറെയൊന്നും ചർച്ചചെയ്യപ്പെട്ടിട്ടില്ല. മൂല്യമുള്ള മരങ്ങൾ മുറിക്കുന്നതും നശിപ്പിക്കുന്നതും തടയുന്നതിനായാണ് 1974ൽ നിലവിലുണ്ടായിരുന്ന ആക്ട് അസാധുവാക്കി 1986ൽ പുതിയ നിയമം പ്രാബല്യത്തിൽ വന്നത്. 2005, 2013, 2015 വർഷങ്ങളിലുണ്ടായ ഭേദഗതികളെയും കോടതി ഇടപെടലുകളെയും തുടർന്ന് 28 ഇനം മരങ്ങൾ മുറിക്കാൻ പ്രത്യേക അനുമതി വേണ്ടതില്ല എന്നതരത്തിൽ നിയമത്തിൽ മാറ്റമുണ്ടായി. തെങ്ങ്, റബ്ബർ, കശുമാവ്, പുളി, മാവ്, പ്ലാവ്, മട്ടി, കവുങ്ങ്, കൊന്ന, ശീമക്കൊന്ന, നെല്ലി, വേപ്പ്, മുരുക്ക്, ജാതി, അൽബേഷ്യ, പൂമരം, പൂളമരം, അക്കേഷ്യ, മാഞ്ചിയം, ആഞ്ഞിലി, കിളിമരം, മഞ്ചാടി, വട്ട, പന, അരണ, യൂക്കാലി, ശീമ പ്ലാവ്, പാല തുടങ്ങിയ വൃക്ഷങ്ങളാണ് ഒഴിവാക്കപ്പെട്ടത്. ചന്ദനം, തേക്ക്, റോസ്‌വുഡ്, ഇരുൾ, ചെമ്പാവ്, ചെമ്പകം, കമ്പകം, കടച്ചി, ചന്ദനവെച്ച്, ചീനി ഇവയാണ് നിയമത്തിന്റെ പരിഗണനയിൽ മരമായുള്ളത്. ഈ ലിസ്റ്റിലെ മരങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ അനുമതിയില്ലാതെ മുറിക്കാനോ, കത്തിക്കാനോ, പിഴുതുകളയാനോ പാടില്ല. ചില പ്രത്യേക പ്രദേശങ്ങളിൽ ഗസറ്റ് വിജ്ഞാപനമുണ്ടെങ്കിൽ ഒരു കാരണവശാലും മരങ്ങൾ മുറിക്കാൻ പാടുള്ളതല്ല എന്നും നിയമം പറയുന്നു.

**നിയന്ത്രണങ്ങൾ**

- മരം മുറിക്കാൻ അനുവാദം തരുന്ന അതോറിറ്റി സർക്കാർ നോട്ടിഫിക്കേഷൻ വഴി നിയമിക്കുന്നതോ അധികാരപ്പെടുത്തുന്നതോ ആയ ഓഫീസർമാർ ആയിരിക്കും.
- മേൽ സൂചിപ്പിച്ച ഏതെങ്കിലും മരങ്ങൾ രോഗബാധിതമായോ, ജീവന് ഭീഷണിയായോ, വസ്തുവിന് ഭീഷണിയായോ നിൽക്കുകയാണെങ്കിൽ മുറിക്കുന്നതിന് ബന്ധപ്പെട്ടവരുടെ അനുമതി വേണ്ട. അല്ലാത്തമരങ്ങൾ മുറിക്കാൻ അനുമതി നൽകുമ്പോൾ ആവശ്യമെങ്കിൽ ചില ഉപാധികൾ മുന്നോട്ടുവയ്ക്കാവുന്നതാണ്.
- മുറിച്ചസ്ഥലത്തോ മറ്റ് സൗകര്യമുള്ള ഇടങ്ങളിലോ മരങ്ങൾ നട്ടുപിടിപ്പിക്കാൻ നിർദ്ദേശിക്കാവുന്നതാണ്.
- കഴിയുന്നതും വീട് നിർമ്മാണത്തിനേ അനുമതി ലഭിക്കുകയുള്ളൂ. ലിസ്റ്റ് ചെയ്യപ്പെടാത്ത മരങ്ങൾ മുറിക്കാൻ ഉടമയ്ക്ക് അനുമതിയുണ്ട്.
- സമ്മതം നിരസിച്ചാൽ ഉന്നതാധികാര സമിതിയെ 90 ദിവസത്തിനകം സമീപിക്കുക. അവിടെയും നീതി ലഭിക്കുന്നില്ലെങ്കിൽ 60 ദിവസത്തിനുള്ളിൽ സർക്കാരിനെ സമീപിക്കാം.
- നിബന്ധനകൾ പാലിക്കാതെ മരങ്ങൾ മുറിക്കുന്നവർ ശിക്ഷാർഹരാണ്. കുറ്റകൃത്യം ആവർത്തിക്കുന്നവർക്ക് ഒന്നു മുതൽ മൂന്ന് വർഷം വരെ തടവും 1000-5000 രൂപവരെ പിഴയും ഒടുക്കേണ്ടി വരും.
- അനധികൃത മരം മുറി നടത്തിയവരുടെ കൈയിലുള്ള രേഖകൾ പരിശോധിക്കുന്നതിനും വസ്തുവകകൾ കണ്ടെടുക്കാനും പോലീസ് സബ് ഇൻസ്പെക്ടർക്കോ അതോറിറ്റിക്കോ നിയമം അനുവാദം നൽകുന്നു.
- കക്ഷിക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അതോറിറ്റി വഴി പരിഹാര സാധ്യത തേടിയ ശേഷം മാത്രമേ കോടതിയെ സമീപിക്കാവൂ. നേരിട്ട് പാടില്ല.
- പട്ടയഭൂമിയിലും ഈ നിയമം നിലനിൽക്കുന്നതാണ്.
- ആവശ്യമായ നിയമങ്ങളും ചട്ടങ്ങളും സർക്കാർ കാലാകാലങ്ങളിൽ ഉണ്ടാക്കേണ്ടതാണ്.

ഇപ്പറയുന്ന കാര്യങ്ങളെല്ലാമുള്ള നിയമം 1986 മുതൽ നിലവിലുണ്ടായിരുന്നിട്ടും കേരളത്തിലെ വൃക്ഷ സ്നേഹികളും പരിസ്ഥിതി സംഘടനകളും ഇത് വേണ്ടത്ര ചർച്ച ചെയ്തിട്ടില്ല. വനമേഖലയല്ലാത്ത ഇടങ്ങളിലെ മരങ്ങളെ സംരക്ഷിക്കാൻ, കേരള പ്രമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ആക്ട് 2005 എന്നൊരു നിയമത്തിനും സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഉടമയ്ക്ക് സ്വന്തം സ്ഥലത്ത് എത്രമരങ്ങൾ വേണമെങ്കിലും നടുന്നതിന് ഈ നിയമം അനുമതി നൽകുന്നു. വിത്തുൽപാദനവും (നഴ്സറി), തൈ വിതരണവും പ്രോത്സാഹിക്കപ്പെടണമെന്നും ഈ നിയമം പറയുന്നുണ്ട്.

പരിമിതികളുള്ള ഈ നിമയങ്ങൾ തിരുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും എല്ലാ വൃക്ഷ-പരിസ്ഥിതി സ്നേഹികളുടെയും ഭാഗത്ത് നിന്നും സജീവമായ ഇടപെടലുകൾ ഉണ്ടാകേണ്ടത് ഇന്ന് ഒരു അനിവാര്യതയാണ്. ■




കാലാനുസൃതമായ നവീകരണങ്ങൾക്ക് ശ്രമിക്കുന്ന കേരളീയം
കൂടുതൽ ഊഷ്മളമായ സഹായസന്നദ്ധതകൾ നിങ്ങളിൽ നിന്നും തേടുന്നു.
മലയാള മാദ്ധ്യമരംഗത്തെ സക്രിയ സാന്നിദ്ധ്യമായി നിലനിൽക്കാൻ വേണ്ടിയുള്ള
ഒരു 'നവീകരണനിധി' ഞങ്ങൾ സമാഹരിച്ചുകൊണ്ടിരിക്കുകയാണ്.

നിങ്ങൾക്കും പങ്കാളികളാകാം....

| കൂട്ടായ്മ അംഗത്വം | ആജീവനാന്ത വരിസംഖ്യ | നവീകരണനിധി |
|---|---|---|
| 100 പേർ → 15,000 രൂപ | 100 പേർ → 10,000 രൂപ | 1000 പേർ → 1000 രൂപ |

**ബാങ്ക് അക്കൗണ്ട് നമ്പർ: 'Keraleeyam' A/C No: 12800200006806, Federal Bank, STN Branch, Thrissur. RTGS Code : FDRL0001280**

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com